LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത തീരുമാനമനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

കമ്മ്യൂണിറ്റി സ്കിൽ പാർക്ക് എന്നത് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ വായ്പാ സഹായത്തോടുകൂടി നടപ്പാക്കുന്ന അധിക നൈപുണ്യ ആർജ്ജന പദ്ധതിയുടെ (അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ഒരു ഘടകമാണ്. സംസ്ഥാനത്ത് ആകെ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇവയിൽ 9 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധയിടങ്ങളിൽ പുരോഗമിച്ചുവരുന്നു. പ്രസ്തുത കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് 1-1-2020-ന മുൻപുതന്നെ തീരുമാനമായിരുന്നു. ഇപ്രകാരം എ.ഡി.ബി. ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ എണ്ണം പരിമിതപ്പെടുത്തപ്പെട്ടതിനാൽ മറ്റ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നത് പരിഗണനയിലില്ല.

ഉല്പാദന-സേവന മേഖലകളുടെ നവീകരണം

190(1175) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് വ്യാപ്തിയും മികവും തത്ഫലമായി മാനവവിഭവശേഷി വികസനവും സാദ്ധ്യമായെങ്കിലും ഉല്പാദന, സേവന മേഖലകളുടെ നവീകരണത്തിന് ഇത് വഴിവച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കാനായി വ്യക്തമായ നയവും രൂപരേഖയും തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തെ വ്യാപ്തിയും മികവും മാനവവിഭവശേഷി വികസനവും ഉല്പാദന/ സേവന മേഖലകളുടെ നവീകരണത്തിന് ഒരു പരിധി വരെ ഉതകിയിട്ടുണ്ട്. എങ്കിലും കാലാനുസാരിയായ നവീകരണസാദ്ധ്യതകൾ ഇനിയും പ്രയോജനപ്പെടുത്താനാകേണ്ടതുണ്ട്. ഇതിനാവശ്യവുമായ നയവും രൂപരേഖയും തയ്യാറാക്കിവരുന്നു.

(ബി) ഇത്തരത്തിൽ ആർജ്ജിക്കുന്ന അറിവും നൈപുണ്യശേഷിയും നാടിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് പ്രയോജനപ്രദമാകുന്ന തരത്തിലും ദിശാബോധത്തോടെയുള്ള ഇടപെടൽ സർക്കാർ നടത്തുന്നുണ്ടോ?

ഉണ്ട്. കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമാക്കി മാറ്റിയെടുക്കാനും വൈജ്ഞാനികാധിഷ്ഠിത സമ്പദ്ഘടന കെട്ടിപ്പെടുക്കുന്നതിന്റെ ഭാഗമായി അറിവും നൈപുണ്യശേഷിയും നാടിന്റേയും സമൂഹത്തിന്റേയും വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ആയതിന് അസാപ്പ് പോലുള്ള ഏജൻസികളെ ഉപയോഗിക്കാനാകും.

(സി) രാജ്യത്തെ പ്രഥമ ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് ഈ ദിശയിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന സംഭാവനകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരവാദിത്തമുള്ള ഡിജിറ്റൽ ലോകം സൃഷ്ടിക്കുക എന്നതാണ് ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യം. സമൂഹത്തിലെ വിവിധ ഉൽപാദന മേഖലകളുടെ ഉന്നമനത്തിനായുള്ള ഡിജിറ്റൽ പരിവർത്തനത്തിൽ ഒരു മുഖ്യ പങ്ക് വഹിക്കാൻ ഡിജിറ്റൽ സർവകലാശാല ഒരുങ്ങുകയാണ്. ഇതിനനുസൃതമായി ഡിജിറ്റൽ സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്

1. മാനുഷിക വിഭവങ്ങൾ സൃഷ്ടിക്കുക, അത് സർക്കാർ, സ്വകാര്യ, സഹകരണ മേഖലകളിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ വിവിധ ഉല്പാദന മേഖലയിലെയും, സേവന മേഖലയിലുമുള്ള യൂണിറ്റുകളുടെ വികസനത്തിനുമായി വിനിയോഗിക്കുക.
2. വിവിധ പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയും ആധുനികവൽക്കരണവും പരിമിതപ്പെടുത്തുന്ന ഡിജിറ്റൽ വിഭജനം കുറയ്ക്കുന്നതിനുള്ള ഉപകരണങ്ങളും സാങ്കേതികതകളും വികസിപ്പിക്കുക.
3. ആഗോള വിപണിയിലെ അവസരങ്ങൾ പര്യവേഷണം ചെയ്യാനും കേരളത്തിലെ സേവന മേഖലയെ പിന്തുണയ്ക്കാൻ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുകയും ചെയ്യുക.
4. കൃഷി, ചെറുകിട വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ പ്രധാന മേഖലകളിൽ നവീകരണം വളർത്തിയെടുക്കുന്നതിന് പ്രത്യേക പരിപാടികൾ വികസിപ്പിക്കുക.
5. ഇതിനായി ഡിജിറ്റൽ സർവ്വകലാശാലയിൽ തുടക്കത്തിൽത്തന്നെ താഴെപ്പറയുന്ന പ്രത്യേക കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(i) ജിയോസ്പേഷ്യൽ സിസ്റ്റംസ്

(ii) ഡാറ്റ അനലിറ്റിക്സ്

(iii) ബ്ലോക്ക് ചെയിൻ

(iv) നിർമ്മിത ബുദ്ധി

ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ രാജ്യത്തെ ഏറ്റവും വലിയ ഇലക്ട്രോണിക് ഇൻക്യൂബേറ്റർ ഉണ്ട്, കൂടാതെ രാജ്യത്തെ ആദ്യത്തെ IIOT മികവിന്റെ സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് ഭാരത സർക്കാരിൽ നിന്നും അനുമതിയും ലഭിച്ചു. ഇവ രണ്ടും ഉന്നതവിദ്യാഭ്യാസ രംഗത്തെ മാനവ ശേഷിയെ startup-കളും വ്യവസായവും തുടങ്ങാനുള്ള ചാലക ശക്തിയായി മാറ്റുവാൻ ഉതകുന്നവയാണ്. കേരളത്തിൽ നിന്നുള്ള ഉയർന്ന സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായ വളർച്ചയെ പിന്തുണയ്ക്കാൻ ഇവയ്ക്ക് സാധിക്കും. ഡിജിറ്റൽ മേഖലയിലെ ബൗദ്ധിക സ്വത്തവകാശം (IPR) നിർമ്മിക്കാൻ ലക്ഷ്യമാക്കിയുള്ള റിസർച്ച് പ്രോഗ്രാമുകൾക്ക് സർവ്വകലാശാല തുടക്കം കുറിച്ചിട്ടുണ്ട്. ഇവയ്ക്ക് കേരളത്തിന്റെ ഉല്പാദന മേഖലയെ ആഗോളതലത്തിൽതന്നെ മത്സരിക്കാനുള്ള ഒരു പ്രേരക ശക്തിയായി മാറ്റുവാൻ കഴിയും.

പാലക്കാട് സിവിൽ സർവ്വീസ് അക്കാദമി

191(1176) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് സിവിൽ സർവ്വീസ് അക്കാദമി വിപുലീകരിച്ച് കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ പാലക്കാട് സബ് സെന്ററിൽ വിവിധ ബാച്ചുകളിലായി ആകെ 420 കുട്ടികൾക്ക് നിലവിൽ പഠന